(സി) സ്വർണ്ണം ലഭിക്കുന്നതായി കണ്ടുപിടിച്ച പ്രദേശങ്ങളിൽ അനധികൃതമായി ഖനനം നടക്കുന്നത് തടയാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അത്തരം സ്ഥലങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മലബാർ ഭാഗത്ത് വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ സ്വർണ്ണം കണ്ടെത്തിയിട്ടുണ്ട്, വയനാട് ജില്ലയിൽ മേപ്പാടി, ചുണ്ടേൽ, വൈത്തിരി, തരിയോട് എന്നീ സ്ഥലങ്ങളിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ താഴ്വരയിലെ മരുത, മണ്ണുചീനി, തണ്ണിക്കടവ്, കാപ്പിൽ, കടന്നമണ്ണ എന്നീ സ്ഥലങ്ങളിലും പുന്നപ്പുഴ, ചാലിയാർ നദീതടങ്ങളിലും (പ്ലാസർ സ്വർണ്ണ നിക്ഷേപം) പാലക്കാട് ജില്ലയിൽ അട്ടപ്പാടി ഭാഗത്ത് കോട്ടത്തറ, അഗളി, പുട്ടുമല എന്നീ സ്ഥലങ്ങളിലും സ്വർണ്ണം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) നിലമ്പൂരിലെ സ്വർണ്ണ നിക്ഷേപത്തിന്റെ ഖനന സാദ്ധ്യത തെളിയിക്കുവാൻ കൂടുതൽ പര്യവേക്ഷണം ആവശ്യമാണ്.

അട്ടപ്പാടിയിലെ സ്വർണ്ണ ഖനന സാദ്ധ്യത വിലയിരുത്തുന്നതിന് ഹട്ടിഗോൾഡ് മൈൻസും ജിയോളജിക്കൽ സർവേ ഓഫ് ഇൻഡ്യയും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പുമായി ചേർന്ന് ഒരു പദ്ധതി പരിഗണിച്ചുവരുന്നു.

(സി ആന്റ് ഡി) നിലമ്പൂരിൽ സ്വർണ്ണം കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ ഭൂമിയുടെ ഉപരിതലത്തിലുള്ള പാറ ദ്രവിച്ചുണ്ടായ ലാറ്ററൈറ്റ് മണ്ണ് വാരിയെടുത്ത് അതിൽ കണ്ടുവരുന്ന സ്വർണ്ണവും ചാലിയാർ-പുന്നപ്പുഴ തീരങ്ങളിലെ ചരൽതിട്ടയിൽ അടങ്ങിയിരിക്കുന്ന സ്വർണ്ണാംശവും അവിടത്തെ നാട്ടുകാർ പരമ്പരാഗതമായി അരിച്ചെടുക്കുന്നുണ്ട്. ഇങ്ങനെ സ്വർണ്ണത്തരികൾ വേർതിരിച്ചെടുക്കുന്ന പ്രവൃത്തി അനധികൃത പ്രവർത്തനമായി കണക്കാക്കാൻ കഴിയില്ല. ഇത് ഒരു പരമ്പരാഗത തൊഴിലും ഉപജീവന മാർഗ്ഗവുമായിട്ടാണ് കണക്കാക്കുന്നത്. ഇപ്രകാരം എത്രകാലം ചെയ്താലും നിക്ഷേപത്തിന്റെ ഒരു ശതമാനംപോലും എടുത്തുമാറ്റുവാൻ സാധിക്കുകയില്ല.

നിലമ്പൂർ മേഖലയിൽ സ്വർണ്ണ നിക്ഷേപം

17 [2789] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ നിലമ്പൂർ മേഖലയിൽ സ്വർണ്ണ നിക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് കണ്ടുപിടിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മലപ്പുറം ജില്ലയിലെ നിലമ്പൂർ താഴ്വരയിൽ മരുത, മണ്ണുചീനി, തണ്ണിക്കടവ് എന്നീ സ്ഥലങ്ങളിൽ പ്രാഥമിക ലോഹാവസ്ഥയിലുള്ള സ്വർണ്ണം കണ്ടെത്തിയിട്ടുണ്ട്. ഇത് പ്രാദേശിക ശിലാപാളികളിൽ ക്വാർട്ട്സ് സിരാതന്തു രൂപത്തിൽ കാണപ്പെടുന്നു. മരുത പ്രദേശത്ത് നടത്തിയ വിശദ പഠനങ്ങളിൽ ഒരു ടൺ പാറയിൽ 4 ഗ്രാം സ്വർണ്ണം എന്ന തോതിൽ 0.55 ദശലക്ഷം ടൺ നിക്ഷേപം ഉള്ളതായി കണ്ടെത്തി. ഇതുകൂടാതെ നദീതട ചരൽ നിക്ഷേപങ്ങളിൽ പ്ലാസർ സ്വർണ്ണം ഉള്ള തായി ചാലിയാർ, പുന്നപ്പുഴ എന്നിവയുടെ മണൽ തിട്ടകളിൽ നടത്തിയ പഠനം വ്യക്തമാക്കി. പ്രസ്തുത നദീതട തിട്ടകളിൽ ഇപ്രകാരം ഒരു ഘനമീറ്റിന് 0.6 ഗ്രാം എന്ന തോതിൽ 2.5 ദശലക്ഷം ക്യു. മീ. പ്ലാസർ സ്വർണ്ണം വിശദ പഠനം വഴി തെളിയിച്ചിട്ടുണ്ട്. മൊത്തം 0.7/ക്യു.മീ. എന്ന തോതിൽ 30 ദശലക്ഷം ക്യു.മീ. ചരൽ ചാലിയാർ, പുന്നപ്പുഴ നദീതടങ്ങളിൽ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

മേൽ വിവരിച്ചവ മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പിന്റെ കീഴിലായിരുന്ന കേരളാ മിനറൽ എക്സ്പ്ലൊറേഷൻ ആന്റ് ഡവലപ്പ്മെന്റ് പ്രോജക്ട് (കെ.എം.ഇ.ഡി.പി.) 1979-83 കാലഘട്ടത്തിൽ നടത്തിയ പര്യവേഷണങ്ങളിൽ വ്യക്തമായ കാര്യങ്ങളാണ്. ഇതുകൂടാതെ ഫ്രാൻസിലെ ബി.ആർ.ജി.എം.-മുമായി ചേർന്ന് നടത്തിയ പഠനങ്ങളിൽ 14 അനോമലികൾ കണ്ടെത്തിയിട്ടുണ്ട്.

സ്വർണ്ണം ഖനനം ചെയ്യുന്നതിനു മുമ്പായി നിക്ഷേപത്തിന്റെ അളവും ഘടനയും തിട്ടപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ മിനറൽ എക്സ്പ്ലോറേഷൻ കോർപ്പറേഷനുമായി ചേർന്ന് 177.09 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര ഖനി വകുപ്പ് 17-10-03-ന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിവിഹിതത്തിന്റെ 15% കേരള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശം വനമേഖലയായതിനാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം കാരണം തുടങ്ങാനായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly